Day 70 of 90 days ✝✝✝ 3rd January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദിവസം മുഴുവനും നമുക്ക് ആത്മീയവിശ്രമം ഉണ്ട്, ആത്മീയപ്രസരിപ്പ് ഉണ്ട്. അല്പവും തളരാതെയും ക്ഷീണിക്കാതെയും ആ ദിവസത്തെ ശാന്തമായി നാം അവസാനിപ്പിക്കാൻ കഴിയുന്നു. എന്നാൽ പ്രഭാതം, അതിനായി വിനിയോഗിക്കാത്ത വ്യക്തികളാകട്ടെ, പകലിന്റെ ചൂടേററ് തളർന്ന് വിശ്രമമോ ശാന്തതയോ ലഭിക്കാതെയും യാതൊന്നും നേടാതെയും ക്ഷീണിച്ച് തോൽവിയടഞ്ഞവരായി വൈകിട്ട് കിടക്കയിലേക്ക് പോകേണ്ടി വരുന്നു. ആകയാൽ പ്രഭാതമഞ്ഞ് നമുക്ക് നഷ്ടപ്പെടുത്താതിരിക്കാം. അതിരാവിലെ ദൈവസന്നിധിയിൽ സത്യവേദപുസ്തകവുമായി അല്പസമയം ചെലവഴിക്കാൻ നാം തയ്യാറാകണം. ആത്മീയബലവും ശക്തിയും പ്രാപിച്ച് ജയത്തോടെ നിലനിൽപ്പാൻ നമ്മൾക്ക് സാധിക്കും. പ്രഭാതമഞ്ഞാണ് ലോകത്തിൽ ലഭിക്കാവുന്നതിലേക്കും ഏററവും ശുദ്ധമായ ജലം. സാധാരണഗതിയിൽ, അതിൽ യാതൊരു കളങ്കവും ഉണ്ടായിരിക്കുകയില്ല. പുല്ലു നല്ലതാണെങ്കിൽ, അതിന്റെ ഇതളുകളിൽ തങ്ങിനിൽക്കുന്ന പ്രഭാതമഞ്ഞും തികച്ചും ശുദ്ധമായിരിക്കും. നമ്മുടെ നല്ല ഇടയൻ തന്റെ ആടുകൾക്കായി ഒരുക്കിയിരിക്കുന്ന പുൽമേടുകളിൽ വച്ചുപിടിപ്പിച്ചിരിക്കുന്ന പുല്ലുകൾ നിശ്ചയമായും നല്ലതുതന്നെ ആണ്. അങ്ങനെയെങ്കിൽ, അവയിൽ തങ്ങി നിൽക്കുന്ന പ്രഭാതമഞ്ഞ് തികച്ചും ശുദ്ധം തന്നെ ആയിരിക്കും. പകലിലെ കാററിൽ ഇളകുന്ന പൊടിപടലങ്ങൾ അതിനെ അശുദ്ധമാക്കുകയില്ല. ഓടി നടക്കുന്ന ജന്തുക്കളോ മീതെ പറക്കുന്ന പക്ഷികളോ അവയുടെ പരിശുദ്ധതയെ ഹനിക്കപ്പെടുന്നില്ല. തൻ നിമിത്തം അപ്രകാരമുള്ള പുൽമേടുകളിലേക്ക് തങ്ങളുടെ ആടുകളെ നയിക്കുവാൻ ഇടയൻ പ്രത്യേകം ശ്രദ്ധിക്കുന്നു. നമ്മുടെ നല്ല ഇടയനായ യേശുവും അപ്രകാരം തന്നെ ചെയ്യുന്നു. ആകയാൽ, ആത്മീയമായി നിലനിൽക്കുവാൻ ആഗ്രഹിക്കുന്ന സ്നേഹിതാ, ആത്മീയമായ പ്രഭാതമഞ്ഞ് നഷ്ടപ്പെടുത്താതിരിക്കുക. പ്രഭാതത്തിൽ ദൈവവചനവുമായി ദൈവസന്നിധിയിൽ അല്പസമയമെങ്കിലും ചെലവഴിക്കുവാൻ ശ്രമിക്കുക. മനുഷ്യന്റെ കൃത്രിമപ്രയോഗങ്ങളൊന്നും സ്പർശിച്ചിട്ടില്ലാത്ത, തികച്ചും ശുദ്ധവും സ്വസ്ഥവും നിശ്ചലവുമായ ജലം. രോഗാണുക്കളോ മററു മാലിന്യങ്ങളോ ബാധിച്ച് അത് മലിനമോ അപകടകാരിയോ ആകുവാൻ സമയം ആയിട്ടില്ല. അത് ജലമായി രൂപാന്തരപ്പെട്ടു കഴിഞ്ഞിട്ടേയുള്ളു. ആടുകൾക്ക് അത് യാതൊരു തരത്തിലും അപകടമാകയില്ലെന്നു മാത്രമല്ല, ഏററവും മെച്ചമായ പാനീയവുമാണ്. അതിന്റെ തണുപ്പും നിശ്ചലതയും ആടുകളുടെ ആരോഗ്യത്തിന് എപ്പോഴും സഹായമാണ്. അതുകൊണ്ട് തന്നെ, ആ വിധത്തിൽ ലഭിക്കുന്ന സന്ദർഭം ഒരു ഇടയൻ ഒരിക്കലും പാഴാക്കുകയില്ല.

തുടരും...